പണിമുടക്കിയ ജീവനക്കാർക്കും അദ്ധ്യാപകർക്കും പണിമുടക്കുകാലയളവിലെ ശമ്പളം നൽകുവാൻ നടപടി

28 [28] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ആനുകൂല്യങ്ങൾ കുറവുചെയ്തുകൊണ്ട് 2002 ജനുവരിയിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവും അതിനെതിരെ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ അനിശ്ചിതകാല പണിമുടക്കിന് ഡയസ്നോൺ ബാധകമാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവും പിൻവലിക്കുകയുണ്ടായോ;

(ബി) ഈ രണ്ട് ഉത്തരവുകളും പിൻവലിച്ചതായി ഒരു കേസ്സുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ സത്യവാങ്മൂലം നൽകിയെന്നുള്ള പത്രവാർത്തകൾ ശരിയാണോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പണിമുടക്കിയ ജീവനക്കാർക്കും അദ്ധ്യാപകർക്കും പണിമുടക്കുകാലയളവിലെ ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പിൻവലിച്ചിട്ടില്ല. 16-1-2002-ലെ ഉത്തരവിലെ ചില നിയന്ത്രണങ്ങൾ പിൻവലിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ബി) സർക്കാർ ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടില്ല.

(സി) (ബി) യ്ക്കുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ

29 [29] ശ്രീ. എൻ. ശക്തൻ:
,, ലൂഡി ലൂയിസ്:
,, ബി. വിജയകുമാർ:
,, കെ. പി. വിശ്വനാഥൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തിവെച്ചതെന്നാണ്;

(ബി) അതു ഭാഗികമായി അനുവദിച്ചതെന്നാണ്;

(സി) നേരത്തേ ഉണ്ടായിരുന്ന ലീവ് സറണ്ടർ ആനുകൂല്യത്തിന് തുല്യമായി അതു പുനഃസ്ഥാപിച്ചതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലീവ് സറണ്ടർ ആനുകൂല്യം നിർത്തിവയ്ക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമിടയ്ക്കുള്ള കാലഘട്ടത്തിൽ റിട്ടയർ ചെയ്തവർക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുതോതിൽ;

(എഫ്) ഈ ആനുകൂല്യം പുനഃസ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാലഘട്ടത്തിൽ റിട്ടയർ ചെയ്തവർക്ക് ഇപ്പോൾ പുനഃസ്ഥാപിച്ച തോതിലുള്ള ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 9-1-2002-ൽ.

(ബി) 19-6-2003-ൽ.

(സി) 16-6-2004-ൽ.

(ഡി ആന്റ് ഇ) ഇല്ല.

(എഫ്) റിട്ടയർ ചെയ്ത ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ ആനുകൂല്യം അനുവദിച്ചിരുന്നതുകൊണ്ട് ഇപ്പോൾ പുനഃസ്ഥാപിച്ച തോതിലുള്ള ആനുകൂല്യത്തിനു പ്രസക്തിയില്ല.

പണിമുടക്കിയ ദിവസത്തെ വേതനം നൽകുവാൻ നടപടി

30 [30] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചുകൊണ്ട് 2002 ജനുവരി 16-നു 32 ദിവസം പണിമുടക്കിയ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാക്കിക്കൊണ്ട് ജനുവരി 30-നു പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ എന്നാണ് റദ്ദ് ചെയ്തത്;

(ബി) ഈ ഉത്തരവുകൾക്കെതിരെ സമർപ്പിച്ച കേസ്സിൽ ഹൈക്കോടതി ബഞ്ച് പുറപ്പെടുവിച്ച വിധിയുടെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

(സി) സർക്കാർ കോടതിയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് പണിമുടക്കിയ ദിവസത്തെ വേതനം നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) സർക്കാർ ഹൈക്കോടതിയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ, ജീവനക്കാരുടെ വേതനം നൽകാതിരുന്ന സർക്കാരിന്റെ നടപടി, ഹൈക്കോടതി വിധിക്കെതിരാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ഇ) എങ്കിൽ സർക്കാർ എന്തുനടപടി ഇതിൻമേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly